(ബി) പരിസ്ഥിതി പഠനത്തിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പരിസ്ഥിതി പഠനം സ്കൂൾ തലം മുതൽ പഠിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സ്കൂൾ തലം മുതൽ പരിസ്ഥിതി പഠനം പ്രത്യേക വിഷയമായി സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രൈമറി തലത്തിൽ പരിസര പഠനത്തിലും ഹൈസ്കൂൾ തലത്തിൽ ജീവശാസ്ത്രം വിഷയവുമായി ബന്ധപ്പെട്ട പഠനത്തിലും ഇതിന് അവസരം ഒരുക്കിയിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ പരിസ്ഥിതി പഠനത്തിനായി മാത്രം പ്രത്യേക സംവിധാനം നിലവിലില്ല.

(സി & ഡി) പരിസ്ഥിതി പഠനം സയൻസ് പഠനത്തിന്റെ ഭാഗമായി ഉൾക്കൊള്ളിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക വിഷയമായി ഉൾപ്പെടുത്തുന്നകാര്യം താല്ക്കാലം പരിഗണനയിലില്ല.

സ്കൂളുകളിലെ കമ്പ്യൂട്ടർവൽക്കരണ പരിപാടി

101(4383) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ കമ്പ്യൂട്ടർവത്ക്കരണ പരിപാടി ഏതെങ്കിലും സഹകാര്യകമ്പനിയെ ഏൽപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കി സഹകാര്യ കമ്പനിയെ ചുമതലപ്പെടുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ ?

ഉത്തരം

(എ) 15 സഹകാര്യ ഏജൻസികളേയും 3 ഗവൺമെന്റ് ഏജൻസികളേയും ഈ ജോലി ഏൽപ്പിച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly